കാര്യങ്ങളുടെ റിപ്പോർട്ട് അനുവദിച്ച് നൽകുന്നതാണ്. മാണിയാട്ടു റീവേഴ്സ് സംഘത്തിന് കേന്ദ്ര ഗവൺമെന്റിന്റെ റിവൈവൽ, റിഹോം ആന്റ് റീ-സ്ട്രക്ച്ചറിംഗ് പാക്കേജിന് അർഹതയുണ്ട്. ഈ പദ്ധതിയുടെ രണ്ടാം ഘട്ടത്തിലാണ് ഈ സംഘം ഉൾപ്പെട്ടിരിക്കുന്നത്. രണ്ടാം ഘട്ടത്തിലെ ലിസ്റ്റും അർഹതയുള്ള തുകയും ഡെവലപ്മെന്റ് കമ്മീഷണർ ഹോർ പറൻഡ്ലൂമിന് അയച്ചുകൊടുത്തിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിൽനിന്നും ഈ തുക കിട്ടുമ്പോൾ ബാങ്കിൽ നിന്നും എടുത്ത 31-3-2010 വരെയുള്ള വായ്പയും 25% പലിശയും ഒഴിവാക്കി കിട്ടും. ബാങ്കിൽനിന്നും പുനർവായ്പയും ലഭിക്കും.

സംസ്ഥാനത്ത് ഐ.ടി. വകുപ്പ് മുഖേന 'ഐഡിയാസ്' സംവിധാനം

203 (6654) ശ്രീ. കെ. മുരളീധരൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഐ.ടി വകുപ്പ് മുഖേന 'ഐഡിയാസ് സംവിധാനം' പ്രാവർത്തിച്ച് വരുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തൊക്കെയാണ് ലക്ഷ്യങ്ങളാണ് പ്രസ്തുത സംവിധാനം വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്നതിന്റെ വിശദാംശങ്ങൾ നൽകാമോ ;

(സി) സർക്കാർ സേവനങ്ങളുടെ നീക്കം ഓൺലൈനായി പൊതു ജനങ്ങൾക്ക് നിരീക്ഷിക്കുന്നതിന് ഈ സംവിധാനം എത്രമാത്രം സൗകര്യമൊരുക്കുന്നുണ്ടെന്ന് വിശദമാക്കുമോ ;

(ഡി) ആരെല്ലാമാണ് ഈ സംവിധാനത്തിൽ സാങ്കേതിക സഹായത്തിന് സഹകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. സെക്രട്ടേറിയറ്റിൽ ഡി.ഡി.എച്ച്.എസ്. നടപ്പിലാക്കിയിട്ടുള്ള ഉന്നത വിദ്യാഭ്യാസവകുപ്പ്, ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയിട്ടുള്ള ധന കാര്യ, വിവര സാങ്കേതിക വിദ്യ വകുപ്പുകൾ ഒഴികെയുള്ള മറ്റ് വകുപ്പുകളിലും എല്ലാ മന്ത്രിമാരുടെ ഓഫീസുകളിലും, കെ.എസ്സ്.ഇ.ബി., തുറമുഖ വകുപ്പ്, വനം വകുപ്പ്, നഗരാസൂത്രണ വകുപ്പ്, പൊതുമരാമത്ത് മീഡ് എഞ്ചിനീയറുടെ ഓഫീസുകൾ, സർവ്വേ, ഗതാഗതം, മൃഗസംരക്ഷണം, ജലസേചനം എന്നീ വകുപ്പുകളിലും ഡി.പി.ഐ.യിലും, കെ.എസ്.ടി.പി.യിലും ഐഡിയാസ് സംവിധാനം പ്രാവർത്തിച്ചുവരുന്നു.

(ബി&സി) ഐഡിയാസ് മുഖേന സർക്കാർ ഓഫീസുകളിൽ ലഭിക്കുന്ന ഓരോ നിവേദനത്തിന്റെയും മറ്റ് പരിഹാരങ്ങളുടെയും നീക്കം സംബന്ധിച്ച നിജ സ്ഥിതി അറിയാൻ സാധിക്കുന്നു. സർക്കാർ ഓഫീസുകളിൽ നേരിട്ട് വരാതെ തന്നെ സർക്കാർ വെബ്സൈറ്റായ www.kerala.gov.in വഴി ഓൺലൈനിലൂടെ

LIBRARY ARCHIVES Kerala Legislative Assembly

ഫയൽ നീക്കം പൊതുജനങ്ങൾക്ക് ലഭ്യമാണ്. സർക്കാരിൽ നിന്നും പുറപ്പെടുവിക്കുന്ന ഉത്തരവുകൾ ഐഡിയാസിൽ അപ്‌ലോഡ് ചെയ്യുന്നതിനാൽ പ്രസ്തുത ഉത്തരവുകൾ ഓൺലൈനായി ലഭിക്കുന്നതാണ്.

(ഡി) കേന്ദ്ര സർക്കാർ സ്ഥാപനമായ എൻ.ഐ.സി. മുഖേനയാണ് ഈ സംവിധാനം നടപ്പിലാക്കിയിട്ടുള്ളത്.

വെബ്സൈറ്റുകളുടെ സുരക്ഷ ഉറപ്പാക്കാൻ നടപടി

204 (6655) ശ്രീ. അൻവർ സാദത്ത് :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ സ്ഥാപനങ്ങളുടെ വെബ്സൈറ്റുകളുടെ സുരക്ഷ ഉറപ്പാക്കാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ബി) സർക്കാർ വെബ്സൈറ്റുകൾ ഹാക്ക് ചെയ്തതായി പരാതി ലഭിച്ചാൽ അതിന്മേൽ തുടർനടപടി സ്വീകരിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിനായി ഏതെല്ലാം കേന്ദ്ര ഏജൻസികളാണ് സഹായം നൽകുന്നതെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ;

(ഡി) വെബ്സൈറ്റുകളുടെ സുരക്ഷ ഉറപ്പാക്കാൻ പ്രത്യേക ടീമിനെ നിയോഗിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) KSITM-ന് കീഴിലുള്ള CERT-K ടീം ഓരോ വർഷവും സംസ്ഥാന ഡാറ്റാ സെന്ററിൽ നിലവിൽ ഹോസ്റ്റ് ചെയ്തിട്ടുള്ള വെബ്സൈറ്റ് ആപ്ലിക്കേഷൻ എന്നിവയ്ക്ക് സെക്യൂരിറ്റി ഓഡിറ്റിംഗ് ചെയ്യുകയും, അതിലെ പാകപ്പിഴകൾ അതതു വകുപ്പുകളെ അറിയിക്കുകയും ആയത് പരിഹരിക്കാൻ ആവശ്യമായ സഹായങ്ങൾ ചെയ്തു കൊടുക്കുകയും ചെയ്യുന്നുണ്ട്. പുതുതായി ഡാറ്റാ സെന്ററിൽ ഹോസ്റ്റ് ചെയ്യുന്ന വെബ്സൈറ്റ് ആപ്ലിക്കേഷന് സെക്യൂരിറ്റി ഓഡിറ്റിംഗ് നിർബന്ധമാക്കിയിട്ടുണ്ട്.

(ബി) സംസ്ഥാന ഡാറ്റ സെന്ററിൽ ഹോസ്റ്റ് ചെയ്തിട്ടുള്ള വെബ്സൈറ്റ് /ആപ്ലിക്കേഷൻ ഹാക്ക് ചെയ്യപ്പെട്ടാൽ CERT-Kerala എന്ന സംസ്ഥാന സർക്കാർ സ്ഥാപനം അവയുടെ ഇൻസിഡന്റ് അനാലിസിസ് റിപ്പോർട്ട് തയ്യാറാക്കുകയും, എവിടെ നിന്നാണ് അറ്റാക്ക് വന്നു എന്നതും, ഏതു സെക്യൂരിറ്റി ബ്രീച്ച് ഉണ്ടായിഎന്നും കണ്ടുപിടിച്ച് State Cyber Cell-ന് റിപ്പോർട്ട് കൈമാറി പരാതി രജിസ്റ്റർ ചെയ്തുവരുന്നു. ടി റിപ്പോർട്ടിന്റെ പകർപ്പ് CERT-in എന്ന ഭാരത സർക്കാർ സ്ഥാപനത്തിനും കൈമാറുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly